പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 378 — 28.10.2019 -ൽ മറുപടിക്ക്

**ഇലഞ്ഞിയിലെ പഴം, പച്ചക്കറി സംസ്കരണ യൂണിറ്റ്**

| ചോദ്യം<br>**ശ്രീ.അനൂപ് ജേക്കബ്** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) പിറവം നിയോജകമണ്ഡലത്തിൽ ഇലഞ്ഞിയിലെ നിർദിഷ്ട പഴം, പച്ചക്കറി സംസ്കരണ യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (എ) ഇലഞ്ഞിയിൽ നിർമ്മാണത്തിലിരിക്കുന്ന പഴം, പച്ചക്കറി സംസ്കരണ ശാലയ്ക്ക് രണ്ട് ടൺ ശേഷിയുളള ഫ്രൂട്ട്സ് & വെജിറ്റബിൾസ് ഡീഹൈഡ്രേഷൻ യൂണിറ്റ്, 1250 ടൺ ശേഷിയുളള ചിൽഡ് സ്റ്റോറേജ് എന്നീ രണ്ട് യൂണിറ്റുകളാണ് ഉളളത്. അതിൽ ചിൽഡ് സ്റ്റോറേജിന്റെ നിർമ്മാണം പൂർത്തിയായി. ഡീഹൈഡ്രേഷൻ പ്ലാന്റിന്റെ കെട്ടിട നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും പൂർത്തിയായിട്ടുണ്ട്. ടി യൂണിറ്റിന്റെ പ്ലാന്റ് & ഇൻസ്റ്റലേഷൻ പൂർത്തീകരണത്തിലേയ്ക്ക് അടുക്കുന്നു. ഇ.റ്റി.പി നിർമ്മാണം ഗുഡ്സ് ലിഫ്റ്റ് സ്ഥാപിക്കൽ തുടങ്ങിയ അനുബന്ധ പ്രവർത്തികൾക്കായി ഇ-ടെൻഡർ മുഖേന കോൺട്രാക്ടർമാരെ തെരഞ്ഞെടുത്ത് വർക്ക് ഓർഡർ നല്കി കഴിഞ്ഞിട്ടുമുണ്ട്. |
| (ബി) ആയത് പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ അനുമതി ലഭ്യമായിട്ടുണ്ടോ ; | (ബി) പ്ലാന്റ് പ്രവർത്തനക്ഷമമാകുന്നതിന് സ്റ്റാറ്റ്യൂട്ടറി അതോറിറ്റികളുടെ അനുമതി ലഭിക്കാനുണ്ട്. |
| (സി) നിലവിലെ സാഹചര്യത്തിൽ യൂണിറ്റ് പൂർണ്ണമായി പ്രവർത്തന ക്ഷമമാകാൻ എത്ര നാൾ വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ ? | (സി) നിലവിലെ സാഹചര്യത്തിൽ യൂണിറ്റ് പൂർണ്ണമായി പ്രവർത്തന ക്ഷമമാകാൻ ആറു മാസം കൂടി വേണ്ടി വരുമെന്ന് കണക്കാക്കുന്നു. |

**സെക്ഷൻ ഓഫീസർ**